**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3337**

**08-11-2019-ൽ മറുപടിക്ക്**

**മൊറട്ടോറിയത്തിനായി അപേക്ഷ നൽകിയ കർഷകർ**

**ചോദ്യം**

**ശ്രീ.അനൂപ് ജേക്കബ്**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2018-ലെ പ്രളയത്തിൽ കൃഷിയും ചെറുകിട വ്യവസായ യൂണിറ്റുകളും നശിച്ച എത്ര പേർക്കാണ് മൊറട്ടോറിയം ആനുകൂല്യം പ്രഖ്യാപിച്ചതെന്ന് അറിയിക്കുമോ; | (എ) | 2018 ലെ പ്രളയത്തോടനുബന്ധിച്ച്, പ്രളയബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ച വില്ലേജുകളിലെ എല്ലാ കർഷകരും എടുത്ത കാർഷിക വായ്പകൾക്ക് മൊറട്ടോറിയം ആനുകൂല്യം പ്രഖ്യാപിച്ചിരുന്നു.<br>2018 ആഗസ്റ്റ് 20-ാം തീയതി കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം സംസ്ഥാനത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്ത് അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ വായ്പകൾക്കെല്ലാം മോറട്ടോറിയത്തിന്റെ ആനുകൂല്യം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എത്ര കർഷകർ മൊറട്ടോറിയത്തിനായി അപേക്ഷിച്ചുവെന്നും എത്രപേർക്ക് മൊറട്ടോറിയം ലഭ്യമായെന്നും വ്യക്തമാക്കുമോ; | (ബി) | 48810 കർഷകർ മോറട്ടോറിയത്തിന് അപേക്ഷിച്ചതിൽ അർഹരായ 34684 പേർക്ക് എസ്.എൽ.ബി.സി മുഖേന മോറട്ടോറിയം ലഭ്യമാക്കിയിട്ടുണ്ട്. സ്വർണ്ണപ്പണയത്തിന്മേൽ ഉള്ള കാർഷിക വായ്പകൾക്ക് ലഭ്യമാക്കിയിട്ടുള്ള മോറട്ടോറിയത്തിന് പുറമേയാണിത്.<br>സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾക്ക് മോറട്ടോറിയത്തിന് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല. പ്രസ്തുത കാലയളവിൽ അർഹരായ എല്ലാ കർഷകർക്കും അപേക്ഷ കൂടാതെ തന്നെ മോറട്ടോറിയം അനുവദിച്ച് വരുന്നുണ്ട്. |
| (സി) | മൊറട്ടോറിയത്തിനായി അപേക്ഷ നൽകിയ കർഷകരുടെ എണ്ണം കുറവാണെങ്കിൽ അത് എന്തുകൊണ്ടാണെന്ന് | (സി) | പരിശോധിച്ചിട്ടുണ്ട്. 2018 ലെ പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ച വില്ലേജുകളിലെ എല്ലാ കർഷകരും എടുത്ത കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കുമോ? | | ഹ്രസ്വകാല വായ്പകൾ പുനഃക്രമീകരിക്കാൻ ആദ്യം റിസർവ് ബാങ്ക് 2018 ഒക്ടോബർ 31 വരെ സമയം നൽകിയിരുന്നു. 2018 ലെ മഹാപ്രളയത്തിൽ നിന്നും കര കയറാൻ കർഷകർക്കും, ബാങ്കുകൾക്കും സമയം എടുക്കുകയും, ബാങ്കുകളെ സമീപിച്ച കർഷകരുടെ എണ്ണം കുറവാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വായ്പകൾ പുനഃക്രമീകരിക്കാൻ 2018 നവംബർ 30 വരെയും, പിന്നീട് 2018 ഡിസംബർ 31 വരെയും സമയം നീട്ടി നനൽകിയിരുന്നു. പഞ്ചായത്തിലെ കർഷക യോഗങ്ങളിലും, കാർഷിക വികസന സമിതികളിലും ഇത് സംബന്ധിച്ച് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. നിശ്ചയിച്ച സമയത്തിനുള്ളിൽ പുനഃക്രമീകരിച്ച കാർഷിക വായ്പകൾക്ക് 31.12.2019 വരെ ആർ.ബി.ഐ മാനദണ്ഡപ്രകാരം മൊറട്ടോറിയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാനതല ബാങ്കേഴ്സ് സമിതി അംഗീകരിച്ച 2018 ലെ പ്രളയ ദുരിതാശ്വാസ നടപടികളുടെ ആനുകൂല്യം ലഭ്യമാക്കാൻ വായ്പ ഉപഭോക്താക്കൾ അതാത് ബാങ്കുകളെ സമീപിക്കണമെന്ന് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പത്രക്കുറിപ്പുകൾ ഇറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ